
# മഹ്ദിയുടെ വരവിനായി ഇസ്ലാമികലോകം പദ്ധതിയൊരുക്കുന്നു

**ജിബി വർഗ്ഗീസ് മീനടം**

ടെഹ്റാന്: എതിര്ക്രിസ്തു അഥവാ അന്തിക്രിസ്തുവെന്ന് ക്രിസ്തീയ ലോകം വീക്ഷിക്കുന്നതും തങ്ങളുടെ സ്വന്തം അന്ത്യകാല മശിഹായായി ലോകത്ത് അവതരിക്കപ്പെടുമെന്ന് ഇസ്ലാം മതം പഠിപ്പിക്കുന്നതുമായ ഇമാം അല് മഹ്ദിയുടെ വരവിനെ ത്വരിതപ്പെടുത്തുന്നതിന് എന്തുചെയ്യാനാകുമെന്ന വിഷയം ചര്ച്ചചെയ്യാന് ഇറാനില് രാഷ്ട്രീയക്കാരും ഇസ്ലാം മതനേതാക്കളും ഷിയാ-സുന്നി വ്യത്യാസമില്ലാതെ യോഗം ചേര്ന്നതായി റിപ്പോര്ട്ട്. പടിഞ്ഞാറന് രാജ്യങ്ങളുടെ മാധ്യമങ്ങളില് നിന്നെല്ലാം അകന്ന് ഇറാന് നഗരമായ ക്യുമിലെ രഹസ്യകേന്ദ്രത്തിലാണ് "ദി ഇന്ററ്നാഷണല് കോണ്ഫറന്സ് ഓഫ് മഹ്ദിസം ഡോക്ട്റൈന്" എന്ന് നാമകരണം ചെയ് തിരിക്കുന്ന യോഗം ചേര്ന്നതെന്നാണ് പ്രാഥമിക വിവരം.




ഇറാന് പ്രസിഡന്റ് മെഹമൂദ് അഹമ്മദി നെജാദ് അടക്കം രാജ്യത്തെ രാഷ്ട്രീയ നേതാക്കളും ലോകത്തിന്റെ പലഭാഗത്തുനിന്നുള്ള ഇസ്ലാമതനേതാക്കളില് പലരും യോഗത്തില് പങ്കെടുത്തുവെന്നും റിപ്പോര്ട്ടുണ്ട്. ദി ബ്രൈറ്റ് ഫ്യുചര് ഇന്സ്റ്റിറ്റിയൂട്ട് എന്ന സംഘടനയാണ് യോഗത്തിന്റെ സംഘാടകര്.

മഹ്ദിയുടെ വരവോടെ ഇസ്ലാമിക ശരിയത്ത് നിയമങ്ങള്ക്ക് അനുസരിച്ച് ലോകം മുഴുവന് കാല്കീഴാക്കി ഭരിക്കപ്പെടുമെന്ന വിശ്വാസമാണ് മുസ്ലിം മണ്ഡലത്തില് നിലനില്ക്കുന്നത്. മനുഷ്യരാശിയുടെ മുഴുവന് രക്ഷയും ലക്ഷയ്മിട്ടുകൊണ്ട് യഥാര്ഥ ലോക രക്ഷകനായി വരുവാനിരിക്കുന്ന ഇമാം അല് മഹ്ദിയെ ലോകത്തിന് പരിചയപ്പെടുത്തികൊടുക്കുകയും അദ്ദേഹത്തിന്

വഴിയൊരുക്കുകയുമാണ് തങ്ങളുടെ ലക്ഷയ്മെന്ന് യോഗത്തിന്റെ സംഘാടകരായ ദി ബ്രൈറ്റ് ഫ്യൂചര് ഇന്സ്റ്റിറ്റിയൂട്ടിന്റെ അവകാശവാദം. ഓരോ വര്ഷവും രണ്ടുദിവസം വീതമെങ്കിലുമെന്ന കണക്കില് കഴിഞ്ഞ അഞ്ചുവര്ഷമായി രഹസ്യയോഗം ചേരുന്നതായാണ് ബ്രൈറ്റ് ഫ്യൂച്ചറിന്റെ വെബ്സൈറ്റില് നിന്ന് ലഭിക്കുന്ന വിവരം.

മഹ്ദിയുടെ വരവിനായി സമൂഹവും സര്ക്കാരുകളും എങ്ങനെ തയ്യാറാകണമെന്നതാണ് ഇക്കൊല്ലത്തെ യോഗത്തിന്റെ ചിന്താവിഷയം. മഹ്ദിയുടെ വരവിനെയും മഹ്ദിയെയും കുറിച്ച് ആഗോളതലത്തില് പ്രസംഗിക്കുന്നവരും ഗ്രന്ഥം രചിക്കുന്നവരും മറ്റ് പ്രവര്ത്തനത്തില് ഏര്പ്പെടുന്നവരുമായവരെ മഹ്ദിയുടെ സഹായകര് എന്ന പേരില് ആദരിക്കുന്ന ചടങ്ങും യോഗത്തിലുണ്ട്. ഇപ്രകാരം ഓരോ വര്ഷവും 30 പേര്ക്കാണ് ഹെല്പേഴ്സ് ഓഫ് മഹ്ദിയെന്ന പദവി നല്കി ആദരിക്കുന്നത്.

ഇറാനില് ഇസ്ലാമിക ഭരണകൂടം നിലവില് വന്ന 1979 മുതല് അഹമദി നെജാദ് ഭരണത്തില് വന്ന 2005 വരെ മഹ്ദിസം ചിന്തകള് കേവലം ഇസ്ലാം മത മണ്ഡലത്തിന്റെ നാലുചുവരുകള്ക്കുള്ളില് മാത്രമായിരുന്നു ചര്ച്ചചെയ്യപ്പെട്ടിരുന്നത്. എന്നാല് അഹമ്മദി നെജാദ് ഇറാന്റെ രാഷ്ട്രീയ ഭരണനേതൃത്വത്തിലേക്ക് രംഗപ്രവേശം ചെയ്തതോടെ മഹ്ദിസം ചിന്തകള് മതത്തിന് പുറത്തേക്ക് വന്ന് രാഷ്ട്രീയവുമായി കൂട്ടിചേര്ത്ത് ഇറാന് രാഷ്ട്രീയത്തിന്റെ കേന്ദ്രബിന്ദുവായി ചര്ച്ചചെയ്യാനാരംഭിച്ചുവെന്നാണ് ഇറാനിയന് ചിന്തകരുടെ അഭിപ്രായം. ഇന്ന് ഇറാനിലെ രാഷ്ട്രീയവികാരം തന്നെ മഹ്ദിചിന്തകളെ കേന്ദ്രീകരിച്ചാണെന്ന് പലസംഭവങ്ങളുടെയും അടിസ്ഥാനത്തില് പറയാനാകും. ലോകം മുഴുവന് ഇസ്ലാമിന്റെ കാല്കീഴാക്കുകയെന്ന അഹമ്മദിനെജാദിന്റെ തന്ത്രമാണ് ഇതിനുപിന്നിലെന്നും ചില നിരൂപകര്

അഭിപ്രായപ്പെടുന്നു.

ബൈബിളില് പ്രതിപാദിച്ചിരിക്കുന്ന എതിര്ക്രിസ്തുവിനെ പറ്റിയുള്ള എല്ലാ വിവരണങ്ങളും മഹ്ദിയക്ക് യോജിക്കുന്നതാണെന്ന് ഇതുസംബന്ധിച്ചുള്ള ഖുറാനിലെ പ്രതിപാദനവും മറ്റ് പാരമ്പര്യമുസ്ലിം വിശ്വാസരചനകളും പരിശോധിച്ചാല് മനസിലാകും. മഹ്ദിയുടെ വാഴ്ച്ചയുടെ കാലത്ത് ശത്രുക്കള്ക്ക് എതിരായി പ്രയോഗിക്കേണ്ട സൈനീകബലം സംഭരിക്കേണ്ടത് ലോകത്തെ ഇസ്ലാമിക ഭരണകൂടങ്ങളുടെ കടമയായും യോഗത്തില് പങ്കെടുത്ത ചിലര് വ്യാഖ്യാനിക്കുന്നുണ്ട്. ആഗോളതലത്തിലുള്ള എതിര്പ്പ് വകവയ്ക്കാതെ ഇറാന്റെ ആണവശേഷി വര്ധിപ്പിക്കാനുള്ള അഹമ്മദി നെജാദ് ഭരണകൂടത്തിന്റെ നടപടി ഇതിന്റെ ഭാഗമാണെന്നാണ് പലരുടെയും അഭിപ്രായം. എന്നാല് സമാധാനപ്രേമിയായ ഒരു ഭരണകര്ത്താവായിരിക്കും ഇമാം മഹ്ദിയെന്ന് അഭിപ്രായപ്പെടുന്ന ഒരു കൂട്ടരും ഇവരുടെയിടയിലുണ്ട്.

ഇമാം മഹ്ദിയുടെ വാഴ്ച്ച ലോകത്തില് സാധ്യമാക്കാന് ജിഹാദും രക്തചൊരിച്ചിലും അത്യന്താപേക്ഷിതമാണെന്ന് ഇറാന് പാര്ലമെന്റിന്റെ സ്പീക്കറും ചെയര്മാനുമായ അലി ലാരിജാനി കഴിഞ്ഞ വര്ഷം പ്രസ്താവിച്ചിരുന്നു. മഹ് ദിയുടെ വാഴ്ച്ചയുടെ കാലത്ത് ഇസ്ലാം മതത്തിലേക്ക് ലോകത്തിലുള്ള ക്രിസ്ത്യാനികളെയും ജൂതരെയും സ്വാഗതം ചെയ്യും, സത്യം മനസിലാക്കി അവര് ഇസ്ലാമിലേക്ക് കടന്നുവന്നാല് അവര്ക്ക് തുടര്ന്നും ജീവിക്കാം. മറിച്ചാണ് തീരുമാനമെങ്കില് അവരെ നിര്ബാധം കൊന്നുകളയുമെന്നുമാണ് മഹ്ദി വാഴ്ച്ചയെ പറ്റിയുള്ള ഇറാനിലെ ക്യൂം മതപഠനകേന്ദ്രമേധാവി ആയത്തുള്ള ഇബ്രാഹിം അല് അമീനിയുടെ വാദം. ചുരുക്കത്തില് ഇസ്ലാമതം സ്വീകരിക്കാത്ത എല്ലാവരുടെയും തലയറുത്താണ് മഹ്ദി ലോകം ഭരിക്കാനൊരുങ്ങുന്നത്രേ.

ഇമാം മഹ്ദിയും ബൈബിളിലെ അന്തിക്രിസ്തുവുമായുള്ള സമാനതകള് പ്രതിപാദിച്ചുകൊണ്ട് ജോയല് റിച്ചാര്ഡ്സണ് എന്ന ക്രിസ്ത്യന് ഗ്രന്ഥകാരന് ഇമാം മഹ്ദി ദി ഇസ്ലാമിക്ക് ആന്റിക്രൈസ്റ്റ് എന്ന ഗ്രന്ഥം രചിച്ചിരുന്നു. ഇതിനെ തുടര്ന്ന് അടുത്തിടെയാണ് ക്രിസ്ത്യന് മണ്ഡലത്തില് ഈ വിഷയം സജീവമായി ചര്ച്ചയ്ക്കെത്തുന്നത്. ഖുറാനിലെ ഇസ്ലാമിക്ക് മഹ്ദിയും ബൈബിളിലെ എതിര്ക്രിസ്തുവുമായുള്ള സമാനതകള് ക്രിസ്ത്യന് മണ്ഡലത്തിലുള്ള ഭൂരിപക്ഷം പേര്ക്കും അറിയില്ലെന്നാണ് ഗ്രന്ഥകര്ത്താവായ നോയല് റിച്ചാര്ഡ്സണിന്റെ അഭിപ്രായം.

കര്ത്താവായ യേശുവിന്റെ വരവിന് മുന്പായി സമാധാനപ്രിയന് എന്ന വ്യാജലേബലില് രംഗത്തെത്തി പിന്നിട് ക്രൂരമായി ലോകത്തില് വാഴ്ച്ച നടത്തുന്ന ഒരു ഭരണാധികാരിയെന്നാണ് ബൈബിള് എതിര്ക്രിസ്തുവിനെ പറ്റി പ്രതിപാദിച്ചിരിക്കുന്നത്. ലോകത്തില് സമാധാനം സ്ഥാപിക്കുമെന്ന ആഹ്വാനത്തോടെ മഹ്ദിയെന്ന ഒരു മനുഷ്യന് രംഗത്തെത്തി ലോകരാജ്യങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത് സമാധാനത്തോടെ ഭരണം നടത്തുമെന്ന് ഖുറാനില് പറഞ്ഞിട്ടുണ്ട്. ഇതു രണ്ടും ഒന്നാണെന്ന സത്യമാണ് നോയല് റിച്ചാര്ഡസണ് അടക്കമുള്ള ചില ചിന്തകര് അഭിപ്രായപ്പെടുന്നു.

ലോകത്തിലെ ഭൂരിപക്ഷം രാജ്യങ്ങളിലും വര്ധിച്ചുവരുന്ന മുസ്ലിം തീവ്രവാദവും ക്രിസ്ത്യാനികള്ക്കെതിരെയുള്ള മുസ്ലിം ആക്രമണങ്ങളും എതിര്ക്രിസ്തു തന്റെ ഭരണകൂടം സ്ഥാപിക്കാന് ഉപയോഗിക്കപ്പെടുമെന്ന് കരുതപ്പെടുന്ന റോമാ സാമ്രാജ്യത്തിന്റെ പുതിയ രൂപമായ യൂറോപ്യന് യൂണിയനിലെ ദിനംപ്രതിവര്ധിക്കുന്ന മുസ്ലിം ജനസംഖ്യയുമെല്ലാം കൂട്ടിവായിച്ചാല് ഇമാം അല് മഹ്ദിയുടെ ഏകദേശം രൂപം മനസിലാക്കാനാകും